# മഹാത്മാ ഗാന്ധി സർവ്വകലാശാല

## പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം–686 560

ഫോൺ: 0481 – 2733298, മൊബൈൽ : 9495119702


2019 ഫെബ്രുവരി 11

# വാർത്താക്കുറിപ്പ്

## റാങ്ക് പട്ടിക പ്രസിദ്ധീകരിച്ചു

മഹാത്മാഗാന്ധി സർവകലാശാലയിലെ അന്തർസർവകലാശാല സുസ്ഥിരജൈവകൃഷി കേന്ദ്രത്തിൽ ഓഫീസ് അസിസ്റ്റന്റ് , റിസർച്ച് അസിസ്റ്റന്റ് എന്നീ തസ്തികകളിൽ കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്നതിനായി നടത്തിയ അഭിമുഖ പരീക്ഷയുടെ റാങ്ക് പട്ടിക സർവകലാശാല വെബ് സൈറ്റിൽ പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾക്ക് ഫോൺ: 0481 2733210.

(പി.ആർ.ഒ./39/276/2019)

## പ്രാക്ടിക്കൽ

2018 ഡിസംബറിൽ തൃപ്പൂണിത്തുറ ആർ.എൽ.വി. കോളേജിൽ നടത്തിയ ബി.എ. ഒന്നാം സെമസ്റ്റർ ഭരതനാട്യം, മോഹിനിയാട്ടം സി .ബി.സി.എസ്. (2018 അഡ്മിഷൻ റഗുലർ /2017 അഡ്മിഷൻ റീ അപ്പിയറൻസ്), സി.ബി.സി.എസ്.എസ്. (2013-16 അഡ്മിഷൻ റീ അപ്പിയറൻസ്/സപ്ലിമെന്ററി) പ്രാക്ടിക്കൽ പരീക്ഷകൾ ഫെബ്രുവരി 18 മുതൽ 20 വരെ ആർ.എൽ.വി. കോളേജിൽ നടക്കും.

(പി.ആർ.ഒ./39/277/2019)

2018 ഡിസംബറിൽ നടന്ന ഒന്നാം സെമസ്റ്റർ എം .എസ്‌സി. ബയോകെമിസ്ട്രി (സി.എസ്.എസ് റഗുലർ/സപ്ലിമെന്ററി) ബിരുദ പരീക്ഷയുടെ പ്രാക്ടിക്കൽ ഫെബ്രുവരി 21 മുതൽ അതത് കോളേജുകളിൽ നടക്കും. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ.

(പി.ആർ.ഒ./39/278/2019)

## പരീക്ഷഫലം

2017 ഡിസംബറിൽ നടന്ന മൂന്നാം സെമസ്റ്റർ എം .എസ്‌സി. ഫൈറ്റോ മെഡിക്കൽ സയൻസ് ആന്റ് ടെക്നോളജി (റഗുലർ, ഇംപ്രൂവ്മെന്റ്, സപ്ലിമെന്ററി) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു . പുനർമൂല്യ നിർണ്ണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും ഫെബ്രുവരി 22 വരെ അപേക്ഷിയ്ക്കാം.

(പി.ആർ.ഒ./39/279/2019)

2018 നവംബറിൽ നടന്ന നാലാം സെമസ്റ്റർ മാസ്റ്റർ ഓഫ് സയൻസ് മെഡിക്കൽ ബയോകെമിസ്ട്രി (നോൺ സി.എസ്.എസ്.- റഗുലർ/സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രഖ്യാപിച്ചു. സൂക്ഷ്മ പരിശോധന യ്ക്ക് ഫെബ്രുവരി 22 വരെ അപേക്ഷിയ്ക്കാം.

(പി.ആർ.ഒ./39/280/2019)

## എൻ.എസ്.എസ്. പ്രോഗ്രാം

## ഓഫീസർമാർക്ക് പരിശീലനം 13ന്

മഹാത്മാഗാന്ധി സർവകലാശാല എൻ .എസ്.എസ്. സെല്ലിന്റെ ആഭിമുഖ്യത്തിൽ പ്രോഗ്രാം ഓഫീസർമാർക്കായി സംഘടിപ്പിയ്ക്കുന്ന ഇ .ടി.ഐ. ഏകദിന പരിശീലന പരിപാടി ഫെബ്രുവരി 13 ന് മണർകാട് സെന്റ് മേരീസ് കോളേജിൽ നടക്കും . അപേക്ഷ നൽകിയവർ രാവിലെ 9.30 ന് കോളേജിലെത്തണമെന്ന് പ്രോഗ്രാം കോ-ഓർഡിനേറ്റർ പ്രൊഫ. എം.ജെ. മാത്യു അറിയിച്ചു.

(പി.ആർ.ഒ./39/280/2019)

# എം.ജി. സർവകലാശാലയ്ക്കു കീഴിലുള്ള കോളജുകളിൽ വകുപ്പു മേധാവി സ്ഥാനം റൊട്ടേഷൻ സമ്പ്രദായത്തിലേക്ക്

മഹാത്മാഗാന്ധി സർവകലാശാലയ്ക്കു കീഴിലുള്ള കോളജുകളിലെ വിവിധ വിഷയങ്ങളുടെ വകുപ്പു മേധാവി സ്ഥാനം റൊട്ടേഷൻ സമ്പ്രദായത്തിലാക്കുന്നതിന് അധ്യാപക സംഘടന പ്രതിനിധികളുടെ യോഗത്തിൽ ധാരണ. ഇതനുസരിച്ച് മൂന്നുവർഷം കൂടുമ്പോൾ വകുപ്പു മേധാവി സ്ഥാനം യോഗ്യരായ അടുത്ത അധ്യാപകന് കൈമാ റണം. സർവകലാശാലയിൽ കൂടിയ യോഗത്തിൽ വൈസ് ചാൻസലർ പ്രൊഫ . സാബു തോമസ് അധ്യക്ഷത വഹിച്ചു . ഇതു സംബന്ധിച്ച നിർദേശങ്ങളും അഭിപ്രായങ്ങളും അധ്യാപക സംഘടനകൾക്ക് 30 ദിവസത്തിനുള്ളിൽ രേഖാമൂലം സമർപ്പിക്കാമെന്ന് വൈസ് ചാൻസലർ പറഞ്ഞു.

വകുപ്പു മേധാവി സ്ഥാനം റൊട്ടേഷൻ സമ്പ്രദായത്തി ലാക്കുന്നതിനെ അധ്യാപക സംഘടനകൾ ഏകകണ്ഠമായി പിന്തുണച്ചു . വകുപ്പിന്റെ പ്രവർത്തനങ്ങളും നിലവാരവും മെച്ചപ്പെടുത്താൻ ഇതിലൂടെ സാധിക്കും. സർവകലാശാലയുടെ പഠനവകുപ്പുകളിൽ റൊട്ടേഷൻ സമ്പ്രദായം നേരത്തേ വിജയകരമായി നടപ്പാക്കിയിരുന്നു. അടുത്ത അധ്യയന വർഷം മുതൽ പുതിയ സമ്പ്രദായം നടപ്പാക്കുകയാണ് ലക്ഷ്യം . അസോസിയേറ്റ് പ്രൊഫസർമാർക്കും കുറഞ്ഞത് അഞ്ചുവർഷം സർവീസുള്ള അസിസ്റ്റന്റ് പ്രൊഫസർമാർക്കും മാത്രമേ വകുപ്പു മേധാവി സ്ഥാനം കൈമാറാവൂവെന്ന് അധ്യാപക സംഘടനകൾ ആവശ്യപ്പെട്ടു.

പഠിപ്പിക്കുന്ന വിഷയങ്ങളടക്കം കോളജ് അധ്യാപകരുടെ എല്ലാ വിവരങ്ങളും ഉ ൾക്കൊള്ളുന്ന അധ്യാപക പോർട്ടൽ ഉടൻ നിലവിൽ വരും . ഇതിന്റെ നടപടികൾ അന്തിമഘട്ടത്തിലാണെന്ന് സിൻഡിക്കേറ്റംഗം ഡോ. ആർ. പ്രഗാഷ് പറഞ്ഞു. സിൻഡിക്കേറ്റംഗങ്ങളായ പ്രൊഫ. ടോമിച്ചൻ ജോസഫ്, ഡോ. പി.കെ. പദ്മകുമാർ, ഡോ. അജി സി. പണിക്കർ, ഡോ. കെ. കൃഷ്ണദാസ്, ഡോ. എം.എസ്. മുരളി, അധ്യാപക സംഘടന പ്രതിനിധികളായ ഡോ. പി.എൻ. ഹരികുമാർ, റോണി ജോർജ്, ഡോ. സുമി ജോയ് ഒളിയാപുരം, പി.വി. സുനിൽകുമാർ, ഡോ. സി.കെ. ജയിംസ്, ഡോ. ഷൈജു ഫ്രാൻസിസ് , ജോജി അലക്സ്, വിവേക് ജേക്കബ് എബ്രഹാം, വി.പി. മാർക്കോസ്, സി.എം. ശ്രീജിത്ത്, എം.എം. ജോൺസൺ, ഡോ. ബി. കേരളവർമ്മ, ഡോ. സെനോ ജോസ് എന്നിവർ സംസാരിച്ചു.

(പി.ആർ.ഒ./39/281/2019)

## എം.ജി. സർവകലാശാല കലോത്സവം; ലോഗോ മുഖ്യമന്ത്രി പ്രകാശനം ചെയ്തു

ഫെബ്രുവരി 28 മുതൽ മാർച്ച് നാലു വരെ കോട്ടയത്തു നടക്കുന്ന മഹാത്മാഗാന്ധി സർവകലാശാല കലോത്സവം 'അലത്താളം 2019'ന്റെ ലോഗോ മുഖ്യമന്ത്രി പിണറായി വിജയൻ കോട്ട യത്ത് പ്രകാശനം ചെയ്തു. സർവകലാശാല ചെയർമാൻ എസ് . നിഖിലിന് നൽകിയാണ് പ്രകാശനം നിർവഹിച്ചത് . പ്രൊഫ. എം.കെ സാനു, മുൻ എം.എൽ.എ. വി.എൻ. വാസവൻ, ജനറൽ കൺവീനർ കെ .എം. അരുൺ, എം.എസ്. ദീപക് എന്നിവർ പങ്കെടുത്തു.

പ്രളയത്തിൽ നിന്ന് കേരളത്തെ കൈപിടിച്ചുയർത്തിയ മൽസ്യത്തൊഴിലാളികളോടുള്ള ആദരവായിട്ടാണ് കലോത്സവത്തിന് അലത്താ ളം എന്ന പേരിട്ടത്. തിരുനക്കര മൈതാനം, ബസേലിയസ്,

സി.എം.എസ്., ബി.സി.എം. കോളേജുകൾ എന്നിവിടങ്ങളിലെ ഏഴ് വേദികളിലാണ് മൽസരം നടക്കുക . 57 മൽസര ഇനങ്ങളിലായി അയ്യായിരത്തിലധികം വിദ്യാർഥികൾ മാറ്റുരയ്ക്കും.

## ഫോട്ടോ കാപ്ഷൻ

1. **മഹാത്മാഗാന്ധി സർവകലാശാല കലോത്സവം 'അലത്താളം 2019'ന്റെ ലോഗോ മുഖ്യമന്ത്രി പിണറായി വിജയൻ സർവകലാശാല ചെയർമാൻ എസ് . നിഖിലിന് നൽകി പ്രകാശനം ചെയ്യുന്നു. പ്രൊഫ. എം.കെ സാനു, മുൻ എം.എൽ.എ. വി.എൻ. വാസവൻ എന്നിവർ സമീപം.**
2. **മഹാത്മാഗാന്ധി സർവകലാശാല കലോത്സവം 'അലത്താളം 2019'ന്റെ ലോഗോ**

(പി.ആർ.ഒ./39/282/2019)

## എം.ജി. സർവകലാശാല കലോത്സവം; രജിസ്ട്രേഷൻ 22 വരെ

മഹാത്മാഗാന്ധി സർവകലാശാല കലോത്സവം 'അലത്താള'ത്തിൽ പങ്കെടുക്കുന്നതിന് ഫെബ്രുവരി 12 മുതൽ 22 വരെ ഓൺലൈനായി രജിസ്റ്റർ ചെയ്യാം . www.mgukalolsavam19.com എന്ന വെബ്സൈറ്റിലൂടെയാണ് രജിസ്റ്റർ ചെയ്യേണ്ടത് . രജിസ്റ്റർ ചെയ്തശേഷം ഹാർ ഡ് കോപ്പി ഫെബ്രുവരി 23നകം സർവകലാശാല യൂണിയൻ ഓഫീസിൽ എത്തിക്കണം. വിശദവിവരത്തിന് ഫോൺ: 8606501203, 8606170434.

(പി.ആർ.ഒ./39/283/2019)

**എ. അരുൺ കുമാർ**
പബ്ലിക് റിലേഷൻസ് ഓഫീസർ